# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2812 27/01/2014-ൽ മറുപടിക്ക്

### പട്ടികജാതി ജനവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. രാധാകൃഷ്ണൻ | ശ്രീ.എ.പി.അനിൽകുമാർ<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) പട്ടികജാതി ജനവിഭാഗങ്ങൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ; | (എ) പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമം തടയൽ) നിയമം 1989, Protection of Civil Right Act-1955 എന്നിവ നിലവിലുണ്ട്. |
| (ബി) ഈ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്നുറപ്പു-വരുത്തുവാനും അവ നടപ്പിലാക്കുന്നത് നിരീക്ഷിക്കുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മറ്റി മീറ്റിംഗ് നടത്തി, പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലുള്ള പുരോഗതി അവലോകനം ചെയ്യുന്നു. സതേൺ സോണൽ കൗൺസിലിന്റെ മീറ്റിംഗിന്റെ നിർദ്ദേശത്തെ അടിസ്ഥാനമാക്കി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ |

പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലുള്ള പുരോഗതി അവലോകനം ചെയ്യുന്നു. നോഡൽ ഓഫീസറുടെ (പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് സെക്രട്ടറിയുടെ) അധ്യക്ഷതയിൽ മീറ്റിംഗ് നടത്തി പുരോഗതി അവലോകനം ചെയ്യുന്നു.

പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമം തടയൽ) നിയമം 1989 നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നതിനും പ്രസ്തുത നിയമ പ്രകാരമുള്ള കേസുകളുടെ പുരോഗതി വിലയിരുത്തുവാനുമായി ജില്ലാതലത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അധ്യക്ഷനായും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറുമായി ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മറ്റികൾ പ്രവർത്തിക്കുന്നു.

ഈ നിയമങ്ങൾ നടപ്പിലാക്കാനായി സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സെൽ പ്രവർത്തിക്കുന്നു. പ്രസ്തുത നിയമം സംബന്ധിച്ചും പ്രസ്തുത നിയമ പ്രകാരമുള്ള കേസുകൾ സംബന്ധിച്ചുമുള്ള അവബോധം സൃഷ്ടിക്കുന്നതിന്

എല്ലാ ജില്ലകളിലും ബോധവൽകരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. പോലീസ് തലത്തിൽ ജാഗ്രത സമിതി കൂടി, ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കണ്ടുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് സബ് ഡിവിഷണൽ പോലീസ് ഓഫീസർമാരുടെ നേതൃത്വത്തിൽ അദാലത്തുകൾ നടത്തി പരാതികൾക്ക് പരിഹാരം കണ്ടു വരുന്നു.

(സി) സംസ്ഥാന - ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുളള മോണിറ്ററിംഗ് കമ്മിറ്റികൾ ഇതുവരെ എത്ര തവണ യോഗം ചേർന്നിട്ടുണ്ടെന്നറിയിക്കാമോ;

(സി) സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 2013 വർഷത്തിൽ ഒരു തവണ യോഗം ചേർന്നു. ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്നതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | 2013 കലണ്ടർ വർഷത്തിൽ കൂടിയ യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 4 |
| 4 | ആലപ്പുഴ | 4 |
| 5 | കോട്ടയം | 4 |

| | | |
|---|---|---|
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 4 |
| 8 | തൃശൂർ | 4 |
| 9 | പാലക്കാട് | 4 |
| 10 | മലപ്പുറം | 4 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 4 |
| 14 | കാസർഗോഡ് | 3 |

(ഡി) സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി ഈ വിഷയത്തെ സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(ഡി) 03/05/2013-ലെ SLV & MC മീറ്റിംഗിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**